പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --5764 27.10.2011- ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. ഷാഫി പറമ്പിൽ</u><br><u>ശ്രീ. പാലോട് രവി</u><br><u>ശ്രീ. വി.പി. സജീന്ദ്രൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നുണ്ടോ; | (എ) പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത കാർഡിൽ സർക്കാർ ചിഹ്നം ഇല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ചിഹ്നം കാർഡിൽ ഉൾക്കൊള്ളിക്കാൻ നടപടി എടുക്കുമോ; | (സി) സർക്കാർ കമ്പനിയായ നോർക്ക – റൂട്ട്സാണ് തിരിച്ചറിയൽ കാർഡ് തയ്യാറാക്കി വിതരണം ചെയ്യുന്നത്. നിയമപ്രകാരം ഒരു കമ്പനി നൽകുന്ന കാർഡിൽ സർക്കാർ ചിഹ്നം വെക്കാൻ കഴിയില്ല. |

(ഡി) പ്രസ്തുത കാർഡിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ;

(ഡി) ഉണ്ട്. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.

(ഇ) കാർഡ് വിതരണത്തിൽ ഏജൻസി കമ്മീഷൻ തുക നോർക്കക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആർക്കാണ് ഇത് ലഭിക്കുന്നതെന്ന കാര്യം അന്വേഷിക്കുമോ?

(ഇ) പ്രവാസി തിരിച്ചറിയൽ കാർഡ് നോർക്ക - റൂട്ട്സ് സ്വന്തമായി നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ ടി കാർഡുകൾ നേരിട്ടും ജില്ലാതല നോർക്ക സെല്ലുകൾ വഴിയുമാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ നോർക്ക - റൂട്ട്സിന് പ്രത്യേക കമ്മീഷൻ ലഭിക്കുന്നില്ല. മറ്റാർക്കെങ്കിലും കമ്മീഷൻ ലഭിക്കുന്നതായി ഈ വകുപ്പിന് അറിവില്ല.

സെക്ഷൻ ഓഫീസർ